മി. സ്പീക്കർ: അവസാനത്തെ പേജിൽ എല്ലാവരും ഒപ്പിട്ടാൽ മതി.

ശ്രീ. ബേബിജോൺ: അവസാന പേജിൽ ഉണ്ട്.

ശ്രീ. ഇ. പി. ഗോപാലൻ: ഓരോ പേജിലും ഒപ്പിടുന്നതും ചില പേജിൽ ഒപ്പിടുന്നതും തമ്മിലുള്ള വ്യത്യാസം എന്താണെന്നു മനസ്സിലായില്ല.....

മി. സ്പീക്കർ: ആർഡർ ആർഡർ.

നിർബന്ധിത നിക്ഷേപപദ്ധതി പ്രകാരമുള്ള തുക

*318 [335] ശ്രീ. തോമസ് ജോസഫ്:

ശ്രീ. വി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഏതെങ്കിലും വിദ്യാഭ്യാസ ജില്ലയിൽ അദ്ധ്യാപകർക്ക് നിർബന്ധിത നിക്ഷേപ പദ്ധതി പ്രകാരമുള്ള തുക മടക്കി കൊടുക്കാതുണ്ടോ;

(ബി) ഉണ്ടെങ്കിൽ കാരണമെന്ത്?

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ.സി. എച്ച്. മുഹമ്മദ് കോയ): സർ, (എ,ബി) അപേക്ഷിച്ചിട്ടുള്ള അർഹതയുള്ളവർക്കെല്ലാം തുക മടക്കി കൊടുക്കുവാൻ വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ആർക്കെങ്കിലും തുക മടക്കിക്കിട്ടാതെയുണ്ടോ എന്ന വിവരം ഗവൺമെന്റിന്റെ പക്കൽ ഇല്ല.

ശ്രീ. തോമസ് ജോസഫ്: പ്രളയബാധിത പ്രദേശങ്ങളിൽ, ചില പ്രത്യേക ജില്ലകളിൽ, പ്രത്യേക പരിഗണന വച്ചുകൊണ്ട് ഡി. ഇ. ഓ. മാരിൽ ചിലർ അദ്ധ്യാപകർക്കു സി. ഡി. കൊടുക്കാതിരിക്കുന്നതായി ഗവൺമെന്റിനു പരാതി കിട്ടിയിട്ടുണ്ടോ? ഉണ്ടെങ്കിൽ നടപടി എടുക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദ് കോയ: മൂന്നു ഡിസ്ട്രിക്റ്റുകളിൽ നിന്ന് പരാതി കിട്ടിയിട്ടുണ്ട്. പാലക്കാട്, ആറ്റിങ്ങൽ, പത്തനംതിട്ട.

ശ്രീ. വി. ജെ. ജോസഫ്: കമ്പൽസറി ഡിപ്പോസിറ്റു പ്രകാരം തുക പിരിക്കുന്നതിനു യാതൊരു കാലതാമസവും ഉണ്ടായിരുന്നില്ല. പക്ഷേ മടക്കിക്കൊടുക്കുന്നതിനെ സംബന്ധിച്ചു പരിഗണിക്കാൻ അപേക്ഷകൾ ചെന്നപ്പോഴും പലപ്പോഴും ഇതിനു സമയമില്ലെന്നു പറഞ്ഞു. ഡി. ഇ. ഓ. ആഫീസുകളിൽ മനഃപൂർവ്വം വച്ചു താമസിപ്പിക്കുന്നതിനെപ്പറ്റി പല സ്ഥലങ്ങളിലും പരാതിയുണ്ടായിട്ടുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദ് കോയ: മൂന്നു ജില്ലകളിൽനിന്നു പരാതിയുണ്ടായിട്ടുണ്ടെന്നു ഞാൻ പറഞ്ഞു. സത്വരമായ നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സുകുമാരനുണ്ണി: നിർബന്ധ നിക്ഷേപ തുക വിതരണം ചെയ്യുന്നതിന് വേണ്ടത്ര സ്റ്റാഫ് ഇല്ലാത്തതുകൊണ്ടാണ് കാലതാമസം ഉണ്ടാകുന്നതെന്ന കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? അതുകൊണ്ട് പ്രത്യേക സ്റ്റാഫിനെ വച്ച് അവർക്ക് തുക മടക്കി കൊടുക്കാൻ നടപടി എടുക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദു കോയ: വിദ്യാഭ്യാസ വകുപ്പിൽ സ്റ്റാഫ് കുറവുണ്ട്. ചില ജില്ലകളിൽ മടക്കി കൊടുക്കുകയും ചില ജില്ലകളിൽ മടക്കി കൊടുക്കാതിരിക്കുകയും ചെയ്യുന്നത് സ്റ്റാഫിന്റെ കുറവുകൊണ്ട് മാത്രമല്ല.

ശ്രീ. ടി. എം. ജേക്കബ്: കമ്പൽസറി ഡെപ്പോസിറ്റ് തുക മടക്കി കൊടുക്കുന്നതിന് എം. എൽ. എ. മാരുടെ സർട്ടിഫിക്കറ്റ് വേണമെന്നുണ്ട്. ഇല്ലാത്ത വെള്ളപ്പൊക്കം ഉണ്ടായി എന്നു പറഞ്ഞുകൊണ്ട് കള്ള സർട്ടിഫിക്കറ്റ് കൊടുക്കുന്നതിനെക്കാൾ അത് അവസാനിപ്പിച്ചു കൊണ്ട് അവരുടെ തന്നെ സത്യവാങ്മൂലത്തിൽ കൊടുക്കാൻ നടപടി എടുക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദ് കോയ: ബഹുമാനപ്പെട്ട മെമ്പർമാർ കള്ള സർട്ടിഫിക്കറ്റ് കൊടുക്കാതിരിക്കാൻ ശ്രദ്ധിച്ചാൽ മതി.

ശ്രീ.ഇ.പി. ഗോപാലൻ: ബാക്കി എല്ലാ ജില്ലകളിലും നിർബന്ധിത നിക്ഷേപ തുക മടക്കി കൊടുക്കുന്നുണ്ട്. പാലക്കാട് ജില്ലയിൽ മാത്രം കൊടുക്കുകയില്ലെന്ന് വയ്ക്കാൻ കാരണമെന്താണ്?

ശ്രീ. സി. എച്ച്. മുഹമ്മദു കോയ: അതിനെപ്പറ്റി ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. അന്വേഷിച്ച് വേണ്ട നടപടികളും എടുക്കുന്നതാണ്.

ശ്രീ. പി. കരുണാകരൻ: നിർബന്ധപൂർവ്വം ജീവനക്കാരിൽനിന്നും പിരിച്ചെടുത്ത സംഖ്യ ആവശ്യത്തിന് അവർക്ക് ലഭിക്കണമെങ്കിൽ ഇല്ലാത്ത വെള്ളപ്പൊക്കവും പേമാരിയും ഉണ്ടായതായി സർട്ടിഫിക്കറ്റ് കൊടുക്കണമെന്നുള്ള നിർബന്ധം ഗവൺമെൻറ് പിടിക്കുന്നത് ശരിയാണോ?

ശ്രീ. സി. എച്ച്. മുഹമ്മദ് കോയ: നിർബന്ധം കാണിച്ചിട്ടില്ല. ഒന്നായി തിരിച്ച് കൊടുക്കണമെന്നുള്ള പ്രശ്നം വന്നപ്പോഴാണ് വെള്ളപ്പൊക്കത്തിന്റെ പ്രശ്നം വന്നത്. മൂന്ന് ഗഡു കൊടുത്തിരിക്കുകയാണ്.

ശ്രീ. കെ. ജെ. ചാക്കോ: കമ്പൽസറി ഡെപ്പോസിറ്റ് തുക അടച്ചത് ജീവനക്കാരാണെന്നുള്ളത് പോലും ഗൗനിക്കാതെ എം. എൽ. എ. മാരുടെ സർട്ടിഫിക്കറ്റ് ഉണ്ടെങ്കിൽ മാത്രമേ കൊടുക്കുകയുള്ളൂ എന്നുള്ള നിർബന്ധം ഇപ്പോഴും ഉണ്ട്. അതുകൊണ്ട് അവരുടെതന്നെ സത്യവാങ്മൂലത്തിൽ കൊടുക്കാൻ നടപടി എടുക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദു കോയ: പണം അവർക്ക് തിരിച്ച് കൊടുക്കുന്നുണ്ട്. 3 ഗഡു കൊടുത്തു കഴിഞ്ഞു. ഇനി രണ്ടു ഗഡുവാണ് ബാക്കി ഉള്ളത്. ഒന്നായി കൊടുക്കുന്നതിന് വെള്ളപ്പൊക്കമുണ്ടായ സ്ഥലങ്ങളിൽ കൊടുക്കാനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. അതിന് വെള്ളപ്പൊക്കബാധിത പ്രദേശമാണെന്നുള്ള സർട്ടിഫിക്കറ്റ് കൊടുക്കണം,

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ശങ്കർ: പാലക്കാട് ജില്ലയിൽ ഈ തുക കൊടുക്കാതിരിക്കുന്നതിന് കാരണം ഒരു വർഷം പോലും തികച്ച് ഒരു ഡി. ഇ. ഓ. അവിടെ ഇരുന്നിട്ടില്ലെന്നുള്ളതുകൊണ്ടാണെന്നുള്ള കാര്യം ഗവൺമെൻറിനറിയാമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അവിടെയിരുന്ന ഡി. ഇ. ഒ. പ്രൊമോഷനായി പോയതാണ്. അത് സാധാരണ സംഭവമാണ്.

ശ്രീ. വി. ജെ. ജോസഫ്: എം. എൽ. എ. മാർ സർട്ടിഫിക്കറ് കൊടുക്കണമെന്നുള്ളത് മാറ്റിയിട്ട് അതാത് പ്രദേശത്തെ വില്ലേജ് ഓഫീസർമാരോ തഹസീൽദാർമാരോ സർട്ടിഫിക്കറ് കൊടുത്താൽ മതിയെന്ന് വയ്ക്കാമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഉദ്യോഗസ്ഥൻമാരുടെ കൈയിൽ നിന്നും സർട്ടിഫിക്കറ് വാങ്ങിക്കുന്നതിനേക്കാൾ എളുപ്പം എം. എൽ. എ. മാരുടെ കൈയിൽ നിന്നും വാങ്ങിക്കുന്നതാണെന്നുള്ളതുകൊണ്ടാണ് അങ്ങനെ വച്ചത്. ഉദ്യോഗസ്ഥൻമാരെ ഏൽപ്പിച്ചാൽ കൂടുതൽ ഡിലേയും ബുദ്ധിമുട്ടും ഉണ്ടാകും.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: എം. എൽ. എ. മാർ സർട്ടിഫൈ ചെയ്യുന്നതിനേക്കാൾ കൂടുതൽ നഷ്ടം ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: എന്ത് നഷ്ടമുണ്ടായാലും അവർ ഒഡെപ്പോസിറ് ചെയ്തതേ തിരിച്ച് കൊടുക്കാൻ സാധിക്കുകയുള്ളു.

ശ്രീ. എസ്. തങ്കപ്പൻ പിള്ള: ആലപ്പുഴ, കൊല്ലം ജില്ലകളിൽ ഉള്ള അദ്ധ്യാപകർക്ക് ഡി. ഇ. ഒ. ഓഫീസുകളിൽനിന്നും ഈ കമ്പൽസറി ഡെപ്പോസിറ് തിരിച്ച് കിട്ടാൻ കഴിഞ്ഞിട്ടില്ലെന്നുള്ള പരാതി ഗവൺമെൻറിന് കിട്ടിയിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിൻമേൽ എന്ത് നടപടി സ്വീകരിച്ചു?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: വ്യാപകമായ തോതിൽ ആവലാതികൾ ഉണ്ടായിട്ടുള്ളത് ഞാൻ പറഞ്ഞ മൂന്നു ജില്ലകളിൽ നിന്നും ആണ്. ഒന്നോ രണ്ടോ കേസ്സുകളിൽ കിട്ടിയിട്ടില്ലെന്നുള്ള ആക്ഷേപം മറ്റു ജില്ലകളിൽ ഉണ്ടായിക്കൂടെന്നില്ല. 175000 അദ്ധ്യാപകരുടെ പ്രശ്നമാണ്. അതുകൊണ്ട് ഒരു പരാതിപോലും ഉണ്ടാവുകയില്ലെന്ന് തീർത്ത് പറയാൻ സാധിക്കുകയില്ല.

കുടിശ്ശിക നികുത്താൻ നടപടി

*319 [336] ശ്രീ. തെന്നല ബാലകൃഷ്ണപിള്ള:

ശ്രീ. റാവു. എച്ച്. മുസ്തഫ:

ശ്രീ. വി. ഈച്ചരൻ:

ശ്രീ. ഇ. നാരായണൻ നായർ:

ശ്രീ. സേവ്യർ അറയ്ക്കൽ:

ഡോ. കെ. ജി. അടിയോടി:

LIBRARY ARCHIVES Kerala Legislative Assembly